പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1585** | **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കായിക യുവജന കാര്യാലയത്തിന്റെ പ്ലാൻ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 54.05 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**(ബി)** പ്രസ്തുത തുകയിൽ പുതിയ ടർഫുകൾ, സ്റ്റേഡിയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി എത്ര രൂപ വീതം നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ടർഫുകൾ, സ്റ്റേഡിയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി പ്രത്യേകമായി തുക നീക്കിവച്ചിട്ടില്ല.

**(സി)** മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഒരു പഞ്ചായത്തിന് ഒരു കളിക്കളം പദ്ധതി പ്രകാരം എത്ര കളിക്കളങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയിൽ നിർമ്മാണം പുരോഗമിക്കുന്നതും ആരംഭിച്ചിട്ടില്ലാത്തതുമായ കളിക്കളങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള കർമ്മപദ്ധതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആകെ 190 പദ്ധതികൾക്കാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 35 കളിസ്ഥലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 73 പ്രവൃത്തികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 30 പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 18 പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് കളക്ടേറ്റ്/തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. 9 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. 9 പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. റദ്ദാക്കിയ/സ്ഥലം അനുയോജ്യമല്ലാത്ത/എം.എൽ.എമാരുടെ കത്തോ/ഫണ്ടോ ലഭ്യമല്ലാത്ത 15 കളിസ്ഥലങ്ങൾക്ക് പകരമായി പുതിയ കളിസ്ഥലങ്ങൾ അനുവദിക്കുന്നത് പരിശോധിച്ചു വരുന്നു.

**(ഡി)** മേൽപ്പറഞ്ഞ പദ്ധതിയിൽ പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കളിക്കളം നിർമ്മിക്കുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**